ശ്രീ. ടി. കെ. നാരായണപിള്ള: 21 കൊല്ലത്തെ സവ്വീസു പൂത്തിയായിട്ടുള്ളവരെ അവരുടെ വയസ്സിൽ വ്യത്യാസം ഉണ്ടെന്നു കാണുന്ന പക്ഷം പിരിച്ചുവിടണമെന്നാണ് ഗവർമ്മെണ്ടു തീരുമാനിച്ചിട്ടുള്ളതു".

ശ്രീ. എ. താണുപിള്ള: ഈ 21 വർഷം സവ്വീസുപൂത്തിയായിട്ടുള്ളവരെമാത്രം പിരിച്ചുവിടണമെന്നും അങ്ങനെ സവ്വീസുപൂത്തിയാകാത്തവക്കു പിന്നെയും തുടരാമെന്നും തീരുമാനിച്ചിട്ടുള്ളതു എന്തുകൊണ്ടാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: സവ്വീസുറൂളേഷൻ അനുസരിച്ചു 21 വർഷം സവ്വീസുപൂത്തിയായിട്ടുള്ളവരെ പിരിച്ചുവിടുന്നതിനു ഗവർമ്മെണ്ടിനു അധികാരമുണ്ട്. അതിനെ അടിസ്ഥാനമാക്കിയാണ് അങ്ങനെ വയസ്സിനു വ്യത്യാസമുള്ള 21 വർഷം സവ്വീസുപൂത്തിയായവരെ പിരിച്ചുവിടുന്നതു.

## LEGISLATIVE BUSINESS

**Mr. Speaker:** Order, order. We will go on to legislative business now.

**Sri. A. J. John:** Sir, I beg to request that the time fixed for the submission of the Select Committee Report on the Agricultural Income Tax Bill be extended to 5th April 1950.

*The question was put and carried.*

## Introduction of the Hindu Religious Institutions Bill

**Sri. T. K. Narayana Pillai:** I introduce the Hindu Religious Institutions Bill and beg to move that the Bill be referred to a Select Committee.

**Sri. A. J. John:** I second it.

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ ബിൽ സഭയുടെ ചർച്ചയ്ക്കു വിഷയീഭവിക്കുന്നതിനു മുമ്പായി ഏതാനും സംഗതികൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ദേവസ്വം ബോർഡു ജനനമെടുത്തിട്ടുള്ളതു കവനൻറിലെ ചില വ്യവസ്ഥകൾ അനുസരിച്ചാണ്. കവനൻറിലെ വ്യവസ്ഥാനുസരിച്ചു ദേവസ്വം ബോർഡിലേക്കു ഒരു ലക്ഷം രൂപാ കൊടുക്കണമെന്നുവിധം ബഹുമാനപ്പെട്ട അംഗങ്ങൾക്കു മാർഗ്ഗമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അതിനുംപുറമെ ദേവസ്വം ബോർഡിൻറെ സംഘടനയെപ്പറ്റിയും ചില വ്യവസ്ഥകൾ കവനൻറിൽ വിവരിച്ചിട്ടുണ്ട്. അതനുസരിച്ചു മൂന്നംഗങ്ങളാണ് ദേവസ്വം ബോർഡിൽ ഉണ്ടായിരിക്കേണ്ടതെന്നു പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. അങ്ങനെ നിയമിക്കുന്ന മൂന്നംഗങ്ങളിൽ ഒരാളെ നിയമസഭയിലെ ഹിന്ദുമെമ്പർമാർ തിരഞ്ഞെടുക്കണം വേറൊരാളെ മന്ത്രിസഭയിൽനിന്നും ഹിന്ദുമന്ത്രിമാർകൂടി തിരഞ്ഞെടുക്കണം; മൂന്നാമതൊരാളെ രാജപ്രമുഖൻ തിരഞ്ഞെടുക്കണം എന്നാണ് കവനൻറിലെ വ്യവസ്ഥകൾ. ഈ കവനൻറ ദേവസ്വം ബോർഡുകാര്യങ്ങളെ സംബന്ധിച്ചു് എന്തെങ്കിലും മൌലികമായ വ്യത്യാസം വരുത്തുവാൻ സാദ്ധ്യമല്ലെന്നാണു ഗവർമ്മെണ്ടിനു കിട്ടിയിട്ടുള്ള നിയമോപദേശം.

ഈ കവനൻറിലെ വ്യവസ്ഥകൾ അടിസ്ഥാനമാക്കി ഒരു ഓർഡിനൻസു് നിലവിലുണ്ടെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്കു് അറിയാം. ആ ഓർഡിനൻസിലെ ചില വ്യവസ്ഥകൾ അടിസ്ഥാനമാക്കി പുതിയരൂപത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒരു ബില്ലാണ് ഈ സഭയുടെ ചർച്ചക്കായി ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളതു.

ഹിന്ദു റിലിജിയസു് ഇൻസ്റ്റിറ്റ്യൂഷൻസു് ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിൽ കൺകറൻറ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നു ബഹുമാനപ്പെട്ട അംഗങ്ങൾക്കു അറിയാമെന്നു ഞാൻ വിശ്വസിക്കുന്നു. അതനുസരിച്ചു നിയമനിർമ്മാണം ഉണ്ടാക്കുന്നതിനു കേന്ദ്രനിയമസഭയ്ക്കും ഇൻഡ്യാഗവർമ്മെണ്ടിനും അധികാരമുള്ളതാണ്. വേണമെങ്കിൽ, പാർലമെൻറിൽ ഒരു ബിൽകൊണ്ടുവന്നു ഗവർമ്മെണ്ടിൽനിന്നും ഈ സംബന്ധിച്ചു ഒരു ഓർഡിനൻസു പാസ്സാക്കുന്നതിനുള്ള അധികാരം പുതിയ കാൺസ്റ്റിറ്റ്യൂഷനിലെ വ്യവസ്ഥയനുസരിച്ചു ഉണ്ടെന്നുള്ളസംഗതി പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഈ ബില്ലുകൊണ്ടു പ്രധാനമായി വരുത്താൻ ഉദ്ദേശിക്കുന്ന വ്യത്യാസങ്ങളെപ്പറ്റി പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നതു.

ആദ്യമായി ഓർഡിനൻസിലുള്ള വ്യവസ്ഥ അനുസരിച്ചു ദേവസ്വംബോർഡു് അംഗങ്ങളുടെ അധികാരസീമയെ പരിമിതപ്പെടുത്തിയിരുന്നു. ദേവസ്വം ബോർഡി

LIBRARY ARCHIVES Kerala Legislative Assembly